**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3503** **12-03-2025 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ കാർഷിക മേഖലയിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങളായ കൊട്ടംവരൾച്ച, അതിവർഷം, പ്രളയം, ഉരുൾപൊട്ടൽ മുതലായ പ്രകൃതി ദുരന്തങ്ങൾ കൃഷിയേയും കർഷക വരുമാനത്തേയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ കർഷകരെ സംരക്ഷിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | കാലാവസ്ഥാ വ്യതിയാനം, പകർച്ച വ്യാധികൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖലാ നവീകരണ (Kerala Climate Resilient Agri Value Chain Modernization Project - KERA) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ചെറുകിട കർഷകർക്കും കാർഷികാധിഷ്ഠിത Micro Small Medium Enterprises (MSME) കൾക്കും ഭക്ഷ്യമേഖലയിലെ വാണിജ്യവത്ക്കരണം, കാർഷിക വിതരണ ശൃംഖലകളുടെ നവീകരണം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ എന്നിവ അവലംബിച്ച് കൃഷിയിലും അനുബന്ധമേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ് വ്യവസ്ഥയെ ഊർജിതപ്പെടുത്തു കയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**ഘടകം 1 : കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും**<br><br>കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട്കൃഷി (Climate - Smart Agriculture - CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.<br><br>* കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശക സേവന ദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കൽ. |

* അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗ ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം.

* മെച്ചപ്പെട്ട ജല ഉപയോഗ ക്ഷമതക്കും, കാർബൺ ബഹിർഗമനംകുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷി സ്വീകരിക്കുക.

**ഘടകം 2: പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യ വർദ്ധനയ്ക്കായി ചെറുകിടകാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക.**

* കർഷകർക്കും/കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസിനുമിടയിൽ സുസ്ഥിര ഉൽപാദനസഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.

* സംസ്ഥാനത്ത് തെരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി) പുനരുജ്ജീവനം.

* നയപരമായ പരിഷ്കാരങ്ങൾ, കൃഷിയ്ക്കുള്ള ഭൂമി ലഭ്യത വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ.

**ഘടകം 3 : FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം**

* കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർദ്ധിപ്പിക്കുക.

* അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻകുബേഷന് വേണ്ടിയിട്ടുള്ള കൈത്താങ്ങ്.

* അഗ്രിപാർക്കുകൾക്കുള്ള സഹായം

**പ്രകൃതി ദുരന്തങ്ങൾ മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക്, പ്രകൃതിക്ഷോഭം മൂലം ഉണ്ടാവുന്ന വിളനാശ നഷ്ടപരിഹാര പദ്ധതി പ്രകാരം ധനസഹായവും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുമുള്ള ധനസഹായവും നൽകി വരുന്നുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി പരിരക്ഷയുടെ പരിധിയിൽ വരുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര - സംസ്ഥാന സർക്കാരുകൾ സംയുക്തമായി**

| | | | |
|---|---|---|---|
| | | | **നടപ്പാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ വഴി 27 വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. വിതച്ച നെൽവിത്തുകൾ പ്രകൃതിക്ഷോഭംമൂലം നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനു പ്രകൃതിക്ഷോഭം മൂലം ഉണ്ടാവുന്ന വിളനാശത്തിനു നഷ്ടപരിഹാര പദ്ധതി പ്രകാരം കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി വഴി സൗജന്യമായി വിത്തുകൾ നൽകി വരുന്നു. പ്രകൃതി ദുരന്തങ്ങൾ മൂലം കൃഷിഭൂമിയിൽ കെടിക്കിടക്കുന്ന ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിനായി കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധന സഹായം നൽകുന്നു. കൂടാതെ മണ്ണ് ഇടിച്ചിൽ മൂലം കൃഷിഭൂമിയുടെ വലിയൊരു ഭാഗം നഷ്ടപ്പെട്ട കർഷകർക്കു ദുരന്ത പ്രതികരണ നിധിയിൽ നിന്നും സഹായം നൽകുന്നു. കൊട്ടും വരൾച്ച മൂലം കൃഷി നഷ്ടപ്പെട്ട ഏലം കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏലം വിളയുടെ ഇൻഷ്വർ ചെയ്യാൻ വേണ്ട വിളയുടെ ഏറ്റവും കുറഞ്ഞ വിസ്തീർണം 0.04 ഹെക്ടർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു അവർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ അധ്യക്ഷതയിൽ ബ്ലോക്ക് ലെവൽ കാർഷിക വിജ്ഞാന സെന്റർ (BLAKC) പ്രവർത്തിച്ചു വരുന്നുണ്ട്. പ്രകൃതിക്ഷോഭങ്ങൾ മൂലം ബണ്ട് പൊട്ടുന്ന കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ബണ്ട് ബലപ്പെടുത്തുന്നതിനു ധന സഹായം നൽകുന്നു. വനം വകുപ്പിന്റെ അനുമതിയോടെ വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനഭൂമിയിൽ കൃഷി ചെയ്യുന്ന ഹ്രസ്വകാല വിളയായ നെല്ല്, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, വാഴ ഉൾപ്പെടെയുള്ള വിളകൾക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം ഉൾപ്പെടെ നൽകി വരുന്നുണ്ട്.** |
| (ബി) | കർഷകർ കൂടുതലുള്ള പാലാ മണ്ഡലത്തിൽ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | പാലാ മണ്ഡലത്തിൽ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പദ്ധതികളായ കേരഗ്രാമം, വാഴ കൃഷി വ്യാപനം, കുരുമുളക് കൃഷി വ്യാപനം, സുഗന്ധവിള കൃഷി വ്യാപനം, പച്ചക്കറി കൃഷി വ്യാപനം, വിദേശ ഫലവൃക്ഷ കൃഷി വ്യാപനം, ആത്മ പദ്ധതി, എസ് എച്ച് എം പദ്ധതികൾ, പുനർജ്ജനി, |

| | | | |
|---|---|---|---|
| | | | ജൈവഗൃഹം തുടങ്ങിയ വിവിധ തരം പദ്ധതികളും ഗ്രാമ പഞ്ചായത്ത് പദ്ധതികളായ കൂലിച്ചെലവ് ധനസഹായം, കിഴങ്ങ് വിള വ്യാപനം, ഫലവൃക്ഷത്തൈ വിതരണം, വളം വിതരണം തുടങ്ങിയ വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ ഫാം പ്ലാൻ ബേസ്ഡ് പ്രൊഡക്ഷൻ പ്രോഗ്രാം, സ്കീം ഓൺ സപ്ലൈ ചെയിൻ/ വാല്യൂ ചെയിൻ ഡെവലപ്മെന്റ് ആൻഡ് ഇന്റഗ്രേഷൻ, ക്രോപ് ഡൈവേർസി-ഫിക്കേഷൻ എന്നീ നൂതന പദ്ധതികളും കേരളാ അഗ്രോ ബ്രാൻഡിൽ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സഹായിക്കുന്ന മാർക്കറ്റിങ്ങ് സ്കീമുകൾ, മധുരിമ കൃഷിക്കൂട്ടം എന്ന പേരിൽ ഗ്രൂപ്പുണ്ടാക്കി കരിമ്പു കൃഷി വ്യാപനം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ